പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1532 — 04.12.2015-ൽ മറുപടിക്ക്

## ക്ഷീരമേഖലയ്ക്കായി ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയ്ക്കായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ബജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) ബജറ്റിൽ അനുവദിച്ച തുക - 77171.27 ലക്ഷം രൂപ<br>ചെലവഴിച്ച തുക -66519.07 ലക്ഷം രൂപ |
| (ബി) അതിൽ ക്ഷീരകർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ; | (ബി) ക്ഷീരകർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക - 48308.05 ലക്ഷം രൂപ |
| (സി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ? | (സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നു. കൂടാതെ പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ ട്രെയിനിംഗും വിപണനം നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങളും നല്കിവരുന്നുണ്ട്. മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ, കിടാരി സംരക്ഷണ പദ്ധതി, നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുക, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുക, പച്ചപ്പുല്ല്, മറ്റു ഉല്പാദനോപാധികൾ ഇവ കർഷകർക്ക് ലഭ്യമാക്കുക, ഡെയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, NPD, NPDDBB, RKVY മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന |

വർദ്ധനവിന് നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യസംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റും നല്കുക എന്നിവയും എറണാകുളം മേഖലാ യൂണിയൻ, കാലിത്തീറ്റ ഇൻസെന്റീവ്, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, വയ്ക്കോൽ വാങ്ങുന്നതിന് സബ്സിഡി, പ്രഷർ വാഷർ വാങ്ങുന്നതിന് സബ്സിഡി എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഐ.ഡി.ഡി.പി/സി.എം.പി പദ്ധതികളും എൻ.ഡി.ഡി.ബിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ആർ.ബി.പി. വി.ബി.എം.പി.എസ് പദ്ധതികളുടെ സഹായത്തോടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഡയറികളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുക, ഐസ്ക്രീം, ബട്ടർ, സ്റ്റെറിലൈസ്ഡ് മിൽക്ക്, പനീർ മുതലായ നൂതന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, പാൽ വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുക തുടങ്ങിയ പദ്ധതികളും മേഖലാ യൂണിയനുകളും ഫെഡറേഷനും നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ